**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6641** **11-11-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിന്റെ 2020-ലെ ദേശീയ വിദ്യാഭ്യാസനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ 2020-ലെ ദേശീയ വിദ്യാഭ്യാസനയം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ.പ്രഭാത് പഠ്നായിക് അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയും ടി സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഉളവാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ.പ്രഭാത് പഠ്നായിക് അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിക്കുകയും ടി സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസരംഗത്ത് തൊഴിൽപരമായ നൂതന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് ആവിഷ്കരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | അസാപിന്റെ മേൽനോട്ടത്തിൽ പോളിടെക്നിക്കുകൾ കേന്ദ്രീകരിച്ചു കൊണ്ട് പഠനത്തോടൊപ്പം വരുമാനവും എന്ന ലക്ഷ്യത്തിലൂന്നി ഇൻഡ്സ്ട്രി ഓൺ ക്യാമ്പസ് (IOC) എന്ന ആശയത്തിലൂടെ വ്യാവസായിക ആവശ്യത്തിനുള്ള ഉത്പന്നങ്ങൾ അത്യാധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യം വെക്കുന്നു. കേരളം നൈപുണ്യം പരിശീലന രംഗത്ത് വളരെയധികം മുന്നേറിയിട്ടുണ്ടെങ്കിലും ഈ രംഗത്തെ ഉന്നനിലവാരമുള്ള പരിശീലകരുടെ അഭാവം വലിയൊരു വെല്ലുവിളിയാണ്. ഇത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ അസാപിന്റെ നേതൃത്വത്തിൽ പരിശീലക എംപാനൽമെന്റ് പ്രോഗ്രാം (STEP)ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ ഹ്രസ്വകാല നൈപുണ്യം പദ്ധതികൾ വഴി അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികളിലും വിദ്യാർത്ഥികളിലും തൊഴിൽ ക്ഷമത ഉറപ്പാക്കുന്നതിന് അസാപ് മുഖാന്തിരം |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1.എഞ്ചിനിയറിംഗ്, ഡിപ്ലോമ, ആർട്സ് ആൻഡ് സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി വിവിധ ഹ്രസ്വകാല നൈപുണ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2. ബിരുദപഠനം പൂർത്തിയാക്കിയ നിർധനരായ യുവതികൾക്കായി വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ അസാപിന്റെ "വായനശാല" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 3.നോർക്ക, നബാർഡ്, ഫെഡറൽ ബാങ്ക് തുടങ്ങി ഏജൻസികളുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നൂതന മേഖലകളിൽ വ്യവസായപ്രാധാന്യമുള്ള കോഴ്സുകൾ ലഭ്യമാക്കുന്നു. 4.നൈപുണ്യ പരിശീലന പദ്ധതികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യവസായ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രക്രിയകൾ എളുപ്പത്തിൽ കടന്നു കിട്ടാൻ സഹായകമാകുന്ന പ്ലേസ്മെന്റ് ഗ്രൂമിങ് കോഴ്സുകൾ ലഭ്യമാക്കുന്നു. 5. അസാപിന്റെ പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക പ്ലേസ്മെന്റ് ഡ്രൈവുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ